പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1894 08.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. മരാമത്ത് വിഭാഗം ജീവനക്കാരുടെ പുനർവിന്യാസം

ചോദ്യം

ശ്രീ. സി.മമ്മൂട്ടി

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിലെ ചെലവ് ചുരുക്കലിന്റെ ഭാഗമായി മരാമത്ത് പണികൾ പി.ഡബ്ല്യു.ഡി.യെ എൽപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; | (എ) | ഇല്ല. |
| (ബി) | കെ.എസ്.ആർ.ടി.സി.യിൽ മരാമത്ത് വിഭാഗത്തിൽ മാത്രമായി എത്ര ജീവനക്കാർ ജോലി നോക്കി വരുന്നു; ഈ വിഭാഗം പ്രവർത്തിപ്പിക്കുന്നതിന് ശമ്പള ഇനത്തിൽ ഉൾപ്പെടെ പ്രതിമാസം എന്ത് തുക കോർപ്പറേഷനിൽ നിന്ന് ചെലവാക്കി വരുന്നു; | (ബി) | കെ.എസ്.ആർ.റ്റി.സി.യിൽ പൊതുമരാമത്ത് വിഭാഗത്തിൽ മാത്രമായി ആകെ 16 ജീവനക്കാരും, 10 ഓഫീസർമാരും സേവനം അനുഷ്ഠിക്കുന്നുണ്ട്. ശമ്പള ഇനത്തിൽ പ്രതിമാസം പ്രസ്തുത ജീവനക്കാർക്ക് ആകെ 5,36,717 രൂപയും, ഓഫീസർമാർക്ക് ആകെ 4,63,871 രൂപയും ഉൾപ്പടെ മൊത്തം 10,00,588 രൂപ ചിലവായി വരുന്നു. |
| (സി) | പ്രസ്തുത ഇനത്തിലുള്ള ചെലവ് ഒഴിവാക്കുന്നതിനും മരാമത്ത് പ്രവൃത്തികളിൽ നൂതന സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനുമായി മരാമത്ത് വിഭാഗം ജീവനക്കാരെ പുനർവിന്യസിച്ച് പ്രവൃത്തികൾ പി.ഡബ്ല്യു.ഡി.യെ ഏൽപ്പിക്കുമോ? | (സി) | നിലവിൽ കെ.എസ്.ആർ.റ്റി.സി.യിലെ മരാമത്ത് ജോലികൾ PWD-യെ ഏൽപ്പിക്കുന്നത് പരിഗണനയിലില്ല. എന്നാൽ മരാമത്ത് പ്രവൃത്തികളിൽ നൂതന സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ